# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.8100** | **17/07/2014-ൽ മറുപടിക്ക്**

## ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഫാർമസി

**ചോദ്യം**

**ശ്രീ. പുരുഷൻ കടലുണ്ടി**

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഫ്രാഞ്ചൈസിയായി കാരുണ്യ ഫാർമസി ആരംഭിക്കുന്നതിന് ആശുപത്രി അധികാരികളുമായി ചർച്ച നടത്തിയിരുന്നോ ; | (എ) | ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസറുടെ ഇ-മെയിൽ മുഖേന ലഭിച്ച 05.05.2014 തീയതിയിലെ കത്തിൽ (നം.ഇ1/40/2014), പ്രസ്തുത ആശുപത്രിയിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ ഒരു ഫ്രാഞ്ചൈസി ആരംഭിക്കുന്നതിനു വേണ്ടി ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതു പ്രകാരം കാരുണ്യ ഫാർമസി ആരംഭിക്കുന്നതിന് നിർദ്ദിഷ്ട സൗകര്യങ്ങളോടുകൂടിയ ഫാർമസി ഏർപ്പെടുത്താൻ നിർദ്ദേശിച്ചിരുന്നോ ; | (ബി) | കാരുണ്യ ഫാർമസി ആരംഭിക്കുന്നതിന് നിർദ്ദിഷ്ട സൗകര്യങ്ങളോടുകൂടിയ ഫാർമസി ഏർപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിക്ക് ഈയിനത്തിൽ എത്ര തുക ചെലവ് വന്നിട്ടുണ്ടെന്ന് അറിയിക്കാമോ ; | (സി) | 6,19,231/- രൂപ ചിലവ് വന്നിട്ടുണ്ട്. |
| (ഡി) | ഇതിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഫാർമസിസ്റ്റുകൾക്ക് പരിശീലനം നൽകിയിരുന്നോ ; | (ഡി) | നൽകിയിട്ടുണ്ട്. |
| (ഇ) | ഫാർമസി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് അറിയിക്കാമോ ? | (ഇ) | ഫാർമസി തുടങ്ങാനുള്ള സജ്ജീകരണങ്ങൾ പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ